Granting Permission for Submission

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ ഒരു കാര്യം പറയുകയാണ്. അങ്ങയുടെ സബ്മിഷന്റെ സബ്ജക്ട് ഇവിടെയുണ്ട്. ഗവർണ്ണർ, പ്രസിഡന്റ് ഓഫ് ഇന്ത്യ എന്നിവർ ഇൻവോൾവ് ചെയ്യുന്ന കാര്യങ്ങൾ സഭയിൽ ഒഴിവാക്കണമെന്നാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 284-ലെ (v), (vi) വകുപ്പുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. അങ്ങേയ്ക്ക് അതെല്ലാം അറിയാവുന്നതാണ്. പക്ഷേ അങ്ങ് എഴുതിത്തന്നിരിക്കുന്ന സബ്മിഷൻ സംബന്ധിച്ച് ഒരു നോട്ട് ഞാൻ വായിക്കാം.

സ്പീക്കറുടെ പ്രസ്താവന

ഗവർണറുമായി ബന്ധപ്പെട്ട സബ്മിഷനിലെ നിയമപ്രശ്നം

"പ്രതിപക്ഷനേതാവ് ചട്ടം 304 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ള വിഷയം ബഹുമാനപ്പെട്ട ഗവർണർ എടുത്ത ഒരു തീരുമാനം സംബന്ധിച്ചാണ്. നിയമസഭ ചട്ടം 284 (v) പ്രകാരം ഒരു സബ്സ്റ്റാന്റീവ് ഉപക്ഷേപത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതല്ലാത്തപക്ഷം ഉന്നത

സ്ഥാനത്തുള്ളവരുടെ പെരുമാറ്റത്തെപ്പറ്റി ആക്ഷേപം പറയുകയും ചർച്ചയിൽ സ്വാധീനം ചെലുത്തുവാനായി ഇന്ത്യൻ പ്രസിഡന്റിന്റേയോ, ഏതെങ്കിലും ഗവർണറുടെയോ പേര് ഉപയോഗിക്കുന്നതും അനുവദനീയമല്ല. ഈ സാഹചര്യത്തിൽ പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിട്ടുള്ള സബ്മിഷന് അനുമതി നൽകുന്നില്ല."

വളരെ സീനിയറായ ഒരാളായതുകൊണ്ട് അങ്ങ് ഇത് അംഗീകരിക്കും എന്ന് എനിക്കറിയാം.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, 2020-ൽ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ രാഷ്ട്രപതി തിരിച്ചുവിളിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ഉപക്ഷേപം അവതരിപ്പിക്കാൻ അന്നത്തെ പ്രതിപക്ഷം നോട്ടീസ് നൽകിയിരുന്നു. അങ്ങ് അത് ഓർക്കുമെന്നാണ് കരുതുന്നത്. ചട്ടം 130 പ്രകാരമായിരുന്നു ആ നോട്ടീസ്. അന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണനായിരുന്നു സ്പീക്കർ. അന്ന് അദ്ദേഹം നിയമപരമായി അനുവദനീയമാണെന്ന നിലപാട് സ്വീകരിച്ചു. ചർച്ച ചെയ്യണോ എന്നത് സർക്കാർ തീരുമാനിക്കേണ്ട വിഷയമാണെന്ന മട്ടിലാണ് അന്ന് നിലപാട്

എടുത്തിരുന്നത്. ഇവിടെ ഭരണഘടന പ്രശ്നം ഉയർന്നുവരുന്നതുകൊണ്ട് ചില കാര്യങ്ങൾ ഉന്നയിക്കപ്പെടേണ്ടതുണ്ട് എന്നാണ് തോന്നുന്നത്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ഗുരുതരമായി ബാധിക്കുന്നതാണ്.

മി. സ്പീക്കർ: ഈ വിഷയത്തിന് സബ്മിഷൻ സമയം ഉപയോഗിക്കേണ്ടതുണ്ടോ? അതിന് ഒന്നുകൂടി ആലോചിച്ചതിനുശേഷം പോരേ. നമ്മുടെ റൂൾ ബുക്ക് അനുസരിച്ചുള്ള കൃത്യമായ കാര്യമാണ് ഞാൻ അങ്ങയെ ബോധ്യപ്പെടുത്താൻ ശ്രമിച്ചത്. അത് അങ്ങേയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നുള്ളത് അങ്ങയുടെ മുഖത്തുനിന്നും ഞാൻ വായിച്ചെടുക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങനെ ധിക്കരിക്കാനല്ല അനുസരിക്കാനാണ് ഞാൻ നിൽക്കുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രശ്നമാണ് ഉയർന്നുവന്നിട്ടുള്ളത്. മന്ത്രിസഭയുടെ തീരുമാനം, അതിന്റെ ഭാഗമായി പ്രവർത്തിക്കേണ്ട നില, പി.എസ്.സി.-യുമായി ബന്ധപ്പെട്ട കാര്യങ്ങളിലുള്ള നിയമപരമായ വശങ്ങൾ ഇതൊക്കെ ഉന്നയിക്കാനുള്ളതാണ്.

Granting Permission for Submission

മി. സ്പീക്കർ: ഇതൊക്കെ സ്വാഭാവികമായി എവിടെവന്നെത്തുമെന്നത് വളരെ കൃത്യമാണ്. അത് ചട്ടം 284-ന്റെ ലംഘനത്തിലേ നിൽക്കുകയുള്ളൂ.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, സ്പീക്കർ ഒരു റൂളിങ് നൽകി കഴിഞ്ഞാൽ അത് അംഗങ്ങൾ അനുസരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് റൂളിങ്ങിനെ ചോദ്യം ചെയ്ത് സംസാരിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് റൂളിങ്ങിനെ ചോദ്യം ചെയ്യില്ലെന്ന് എനിക്കറിയാം. താങ്കൾ ഈ റൂളിങ്ങിനെ അംഗീകരിക്കണം. അങ്ങേയ്ക്ക് വേറെ രൂപത്തിൽ ഈ വിഷയം ചർച്ച ചെയ്യണമെങ്കിൽ അപ്പോഴാകാം.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. ഇത് വേറെ രൂപത്തിൽ ചർച്ച ചെയ്യാമെന്ന് അങ്ങ് സമ്മതിച്ചിട്ടുണ്ട്. അങ്ങയുടെ ഉദാരമായ സമീപനത്തെ ഞാൻ നന്ദിപൂർവം ഓർക്കുന്നു. ഇത് നല്ലതാണ്. ഏതായാലും ഈ പ്രശ്നം നമ്മൾ ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. കാരണം നമ്മുടെ സംസ്ഥാനത്തിന്റെ മാത്രമല്ല രാജ്യത്തെ

ജനാധിപത്യ വ്യവസ്ഥിതിയുടെ പ്രശ്നമാണ്. മന്ത്രിസഭയുടെ തീരുമാനമനുസരിച്ച് മാത്രമേ ഏത് ഗവർണറായാലും പ്രവർത്തിക്കാവൂ എന്നത് വ്യക്തതയുള്ള കാര്യമാണ്. ഏറ്റവും ഒടുവിൽ കർണാടകയിലുണ്ടായ പ്രശ്നവുമായി ബന്ധപ്പെട്ട് കർണാടക ഹൈക്കോടതിയും അത് വ്യക്തമാക്കിയിട്ടുണ്ട്. ഒന്നുരണ്ട് തവണ ബഹുമാനപ്പെട്ട സുപ്രീം കോടതിയും വ്യക്തമാക്കിയ കാര്യമാണ്. ഇവിടെ അത്തരമൊരു പ്രശ്നം വന്നിരിക്കുന്നു. മറ്റൊന്ന്, പി.എസ്.സി. എന്നത് ഒരു ഭരണഘടനാ സ്ഥാപനമാണ്. അതുമായി ബന്ധപ്പെട്ട കാര്യം നിലനിൽക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിഷയം ഉന്നയിക്കുകയാണെങ്കിൽ സർക്കാർ മറുപടി പറയേണ്ടതുണ്ട്. അങ്ങ് റൂളിങ് നടത്തിയശേഷവും അദ്ദേഹം തുടരുകയാണെങ്കിൽ സർക്കാരും മറുപടി പറയണം. സ്പീക്കറുടെ റൂളിങ് അനുസരിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്. അങ്ങ് ഇത് അനുവദിച്ചാൽ ഗവൺമെന്റ് മറുപടി പറയാം. അപ്രകാരം അങ്ങ് അനുവദിക്കാതെ പ്രതിപക്ഷനേതാവ് ഈ വിഷയം അവതരിപ്പിക്കുകയും സർക്കാരിന് മറുപടിയില്ലാതെ പോവുകയും ചെയ്യാൻ പറ്റില്ല. കാരണം ഈ

വിഷയത്തിൽ സർക്കാരിന് സുചിന്തിതമായ, കൃത്യമായ അഭിപ്രായമുണ്ട്. റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് അത് പാടില്ല എന്നാണ് അങ്ങയുടെ റൂളിങ്. ആ റൂളിങ് കഴിഞ്ഞശേഷവും അദ്ദേഹം ഈ വിഷയം അവതരിപ്പിക്കുകയാണെങ്കിൽ ഞങ്ങൾക്കും മറുപടി പറയാൻ അവസരം നൽകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, നമുക്കിത് ഒഴിവാക്കാം. ഞാൻ അങ്ങയുമായി വേറെ സംസാരിക്കാം. അതുകൊണ്ട് എന്റെ റൂളിങ്ങിന്റെ അടിസ്ഥാനത്തിൽ ഈ സബ്മിഷൻ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയാണ്. ദയവായി അങ്ങ് അംഗീകരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ചർച്ച നടത്താനുള്ള അവസരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അത് അങ്ങുതന്നെ സമ്മതിച്ച കാര്യമാണ്.

മി. സ്പീക്കർ: നമുക്ക് വേറെ ഡിസ്കസ് ചെയ്യാം.

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരമൊരു വിഷയം, നമ്മുടെ

സഭാതലത്തിൽ കാര്യങ്ങൾ ഉന്നയിക്കാതെയും ഗവൺമെന്റ് നിലപാട് വ്യക്തമാക്കാതെയും പോകുന്നത് ജനാധിപത്യ വ്യവസ്ഥയ്ക്ക് ഭൂഷണമായിട്ടുള്ളതല്ലെന്നാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞത് എനിക്ക് വളരെ കൃത്യമായി മനസ്സിലായി. ഞാൻ പറഞ്ഞതിന്റെ അർഥം അങ്ങേയ്ക്ക് അതിനേക്കാൾ കൃത്യമായി ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് നമുക്ക് അതിന്റെ ചർച്ച ഒഴിവാക്കാം.

ശ്രീ. പിണറായി വിജയൻ: സർ, ഏറ്റവും ഉന്നതമായ ജനാധിപത്യ വേദിയാണല്ലോ ഇത്. അങ്ങയുടെ നിർദേശം അംഗീകരിച്ച് അടുത്ത ദിവസംതന്നെ ഇത് ചർച്ച ചെയ്യാൻ നമുക്ക് കഴിയണം.

മി. സ്പീക്കർ: നമുക്ക് ഡിസ്കസ് ചെയ്യാം.